പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1600 16/03/2015 ൽ മറുപടിക്ക്

## ഗോരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം.എ .വാഹീദ് : | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ഗോരക്ഷാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) മാരകവും പകർച്ചവ്യാധികളുമായ കുളമ്പുരോഗം, കരലടപ്പൻ, അടപ്പൻ, ബ്രൂസല്ലോസിസ് തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് "ഗോരക്ഷാ ''പദ്ധതി<br>ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ .<br>1) കേരളത്തിലെ മൃഗസമ്പത്തിനെ പകർച്ച വ്യാധികളിൽ നിന്നും സംരക്ഷിക്കുക<br>2) ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം കൂട്ടുക<br>3) മൃഗ ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുക<br>4) ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക.<br>5) കേരളത്തെ കാലിരോഗ വിമുക്തമേഖല ആക്കുക.<br>6) കുളമ്പുരോഗ നിയന്ത്രണത്തിന് പ്രാധാന്യം നൽകി, മറ്റു പകർച്ച വ്യാധികളുടെ പരിശോധനയും നിയന്ത്രണവും നടപ്പിലാക്കുകയും ചെയ്തു് കാലിരോഗങ്ങളെ പൂർണ്ണമായും ഉന്മൂലനം ചെയ്യുക . |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീരകർഷർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) 1. കുളമ്പുരോഗ നിർമ്മാർജ്ജനത്തിനാവശ്യമായ വാക്സിനേഷൻ നൽകുന്നു.<br>2. വാക്സിനേഷനോടനുബന്ധിച്ച് എന്തെങ്കിലും അത്യാഹിതം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നു.<br>3. കുത്തിവെയ്പ്പ് എടുത്ത മൃഗങ്ങൾക്ക് രോഗബാധ ഉണ്ടാകുകയാണെങ്കിൽ അവയെ സൗജന്യമായി ചികിത്സിക്കുന്നു. മരണം സംഭവിക്കുകയാണെങ്കിൽ പ്രകൃതിക്ഷോഭത്തിന് നൽകുന്ന നിരക്കനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നു.<br>4. രക്ത സാമ്പിളുകളിൽ രോഗപ്രതിരോധ ശക്തി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതിയിൽ ക്ഷീരകർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ? | സി) 2014- 15 വർഷത്തെ കേന്ദ്രസർക്കാർ വിഹിതം - 164 ലക്ഷം രൂപ<br>സംസ്ഥാന വിഹിതം - 200 ലക്ഷം രൂപ |
| ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ? | ഡി) ഗോരക്ഷാ പദ്ധതി 2004 ൽ ആരംഭിച്ചു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. |

[signature]

സെക്ഷൻ ഓഫീസർ